# ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി

കുന്നുംഭാഗം. പി. ഒ., കാഞ്ഞിരപ്പള്ളി പിൻ. 686507
Phone No.04828-203492, 202292. E Mail*thqhkply@gmail.com*

നം. എ2/4981/2024 തീയതി :13.12.2024

<u>പുനർലേലപരസ്യം/ടെണ്ടർ</u>

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി വികസനസമിതി കാന്റീൻ കെട്ടിടത്തിൽ 15.01.2025 മുതൽ 31.12.2025 വരെയുള്ള കാലയളവിൽ കാന്റീൻ നടത്തുന്നതിനുള്ള അവകാശം 19.12.2024 വ്യാഴയ്ച്ച പകൽ 11.30 മണിക്ക് സൂപ്രണ്ടിന്റെ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

1. ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ 5000/- രൂപാ 19/12/2024, പകൽ 11.00ന് മുമ്പ് നിരത ദ്രവ്യമായി ഓഫിസിൽ അടയ്ക്കേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് "HOSPITAL DEVELOPMENT COMMITTEE GENERAL HOSPITAL KANJIRAPPALLY" എന്ന പേരിൽ പൊൻകുന്നം SBI-യിൽ മാറാവുന്ന 5000/- രൂപയുടെ ഡി.ഡി (EMD) സഹിതം മുദ്ര വച്ച കവറിൽ 19/12/2024 ന് പകൽ 11.00 ന് മുൻപായി **ടെണ്ടർ** നൽകാവുന്നതാണ്.EMDഇല്ലാത്ത **ടെണ്ടറുകൾ**. സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറത്തിന്റെ വിലയും 18% ജി.എസ്.ടിയും ഓഫീസിൽ നേരിട്ട് അടച്ചശേഷം ടെണ്ടർ ഫോറത്തിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.
3. ദർഘാസ് സമർപ്പിക്കുന്നവർ അവരുടെ മേൽവിലാസംതെളിയിക്കുന്നതിനുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാകണം.
4. പാൻ കാർഡിന്റെ പകർപ്പ് ദർഘാസിനോടൊപ്പം ഹാജരാക്കണം.
5. മുദ്ര വച്ച് ലഭിച്ച **ടെണ്ടറുകൾ** തുറന്നതിനുശേഷം മാത്രമായിരിക്കും ലേല തുക ഉറപ്പിക്കുന്നത്.
6. എറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും, മൂന്ന് മാസത്തെ അഡ്വാൻസ് വാടകയിൽ 1മാസത്തെ വാടക അപ്പോൾ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും. ബാക്കി തുക 7ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കളുടെ ലേലം സ്ഥിരത അസാധു ആകുന്നതുമാണ്. ഒരോ മാസത്തെ വാടക അതാതു മാസവസാനം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. നിയമപ്രകാരമുള്ള കരാർ 200/- രൂപാ മുദ്രപ്പത്രത്തിൽ എഴുതി സമർപ്പിച്ച ശേഷം മാത്രമേ കാന്റീൻ തുടങ്ങുന്നതിന് അനുവദിക്കുകയുള്ളു.
7. ലേലം തുടങ്ങുന്നതിന് മുമ്പ് നിലവിലുള്ള കാന്റീൻ കെട്ടിടത്തിന്റെ നിജ സ്ഥിതി ബോധ്യപ്പെട്ടു മനസിലാക്കേണ്ടതുമാണ്. പിന്നീട് ആക്ഷേപം ഉന്നയിച്ചാൽ പരിഗണിക്കില്ല.
8. അഡ്വാൻസായി അടച്ച തുക നിലവിലെ കരാർ അവസാനിച്ചതിനുശേഷമേ തിരിച്ച് നൽകുകയുള്ളു.
9. കറന്റ് ചാർജ്ജ് കരാറുകാരൻ വഹിക്കേണ്ടതാണ്. വൈദ്യുതി ചാർജ് അതാതു മാസം തന്നെ അടച്ച് രസീത് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്. മേലരുവി പമ്പ് ഹൗസിൽ വെള്ളം ഉണ്ടെങ്കിൽ മാത്രമേ ജലവിതരണം ഉണ്ടായിരിക്കുകയുള്ളൂ.
10. കാന്റീൻ ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലവും പരിസരവും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

11. കാന്റീനിൽ നിന്നും എച്ച്.ഡി.സി. ജീവനക്കാർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും ഇതോടനുബന്ധമായി ചേർത്തിട്ടുള്ള നിരക്കുകളിൽ ആഹാരം വിതരണം ചെയ്യേണ്ടതാണ്.
12. ജീവനക്കാർക്ക് പ്രത്യേകമായി തിരിച്ചിട്ടുള്ള സ്ഥലത്ത് യാതൊരു കാരണവശാലും മറ്റാർക്കും ആഹാരം കൊടുക്കുവാൻ പാടില്ല.
13. കാന്റീൻ തുടർച്ചയായി എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
14. കാന്റീനിൽ ആഹാരസാധനങ്ങൾക്ക് പുറമേ, രോഗികൾക്ക് അത്യാവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ മാത്രമേ വിതരണം ചെയ്യുവാൻ പാടുള്ളൂ.
15. കരാറുകാരൻ പഞ്ചായത്തിൽ നിന്നും പി.എഫ്.എ. ലൈസൻസ്എടുക്കേണ്ടതാണ്. ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
16. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
17. കാന്റീൻ പ്രവർത്തനം മൂലം ആശുപത്രി ജീവനക്കാർക്കോ മറ്റുള്ളവർക്കോ യാതൊരുവിധ അസൗകര്യങ്ങളും ഉണ്ടാകുവാൻ പാടില്ല.
18. ജലവിതരണത്തിനുള്ള ടാപ്പുകളുടെ ചോർച്ച മാറ്റുക, വൈദ്യുതി ബൾബുകൾ, ഇടുക എന്നിവ കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.
19. കാന്റിന്റെ പ്രവർത്തനത്തിനായി നടത്തുന്ന മറ്റ് ചെറിയ വർക്കുകൾ സൂപ്രണ്ടിന്റെ അനുവാദത്തോടു കൂടി നടത്തുകയും ആയതിന്റെ ചെലവ് കരാറുകാരൻ സ്വന്തമായി വഹിക്കേണ്ടതാണ്. കാന്റീൻ കെട്ടിടത്തിനു യാതൊരുവിധ കേടുപാടോ നാശനഷ്ടമോ വരുത്തുവാൻ പാടില്ല.
20. ലേലം സ്ഥിരപ്പെടുത്തിയ വ്യക്തി എഴുതിതരുന്ന വാടക യാതൊരു കാരണവശാലും കരാർ കാലയളവിൽ കുറച്ചുകൊടുക്കുന്നതല്ല.
21. ആശുപത്രി ഡ്യൂട്ടി സമയത്ത് പ്രത്യേക സാഹചര്യത്തിൽ ജീവനക്കാർക്ക് ഭക്ഷണപ്പൊതി വിതരണം ചെയ്യേണ്ടതാണ്.
22. കാന്റീനിൽ ഉണ്ടാകുന്ന ഉച്ഛിഷ്ടങ്ങൾ ഉൾപ്പെടെ മിച്ചം വരുന്ന സാധനങ്ങൾ കരാറുകാരൻ സ്വന്തം ചെലവിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
23. ആഹാരസാധനങ്ങളുടെ ഗുണ നിലവാരം നിലനിർത്തേണ്ടതാണ്.
24. മേൽ വിവരിച്ച വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ കാന്റീൻ അടച്ചു പൂട്ടിക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.
25. ആശുപത്രിയിൽ എച്ച്.എം.സി അംഗീകരിച്ച സംഘടനകൾക്ക് മാത്രം ആഴ്ചയിൽ 2ദിവസം 2മണിക്കൂർ സൗജന്യഭക്ഷണം വിതരണം ചെയ്യുന്നതിന് അനുവദിക്കുന്നുണ്ട്..
26. ആശുപത്രിയിലെ പ്രോഗ്രാമുകൾക്ക് ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്.
27. കാന്റീൻ പ്രവർത്തനം നിർത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ കരാറുക്കാരൻ 1മാസം മുൻപേ ആക്കാര്യം സൂപ്രണ്ടിനെ രേഖമൂലം അറിയിക്കേണ്ടതാണ്. കരാർകാലയളവിൽ, നടത്തിപ്പുകാരന്റെ പ്രവർത്തനംമൂലം കാന്റീൻ അടച്ചിടേണ്ടിവന്നാൽ ആകാലയളവിലെ നഷ്ടം കരാറുക്കാരൻ സ്വയം വഹിക്കേണ്ടതാണ്.
28. 3വർഷത്തിൽ കുറയാത്ത കാന്റീൻ നടത്തി പരിചയം സമ്പന്നത ഉണ്ടായിരിക്കണം, ആയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

29. 3 വർഷത്തിൽ കുറയാത്ത പ്രവർത്തി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ ദർഘാസ് അംഗീകരിക്കുന്നതല്ല.
30. ദർഘാസ് കാലയളവിൽ യാതൊരു കാരണവശാലും ഈ നിരക്കുകൾ പുതുക്കി നൽകുന്നതല്ല.
31. അനുവദിക്കുന്ന കെട്ടിടം കാന്റീൻ നടത്തുവാൻ അല്ലാതെ മറ്റ് യാതൊരു ആവശ്യത്തിനും ഉപയോഗിക്കുവാൻ ലൈൻസ് കാരന് അധികാര മുണ്ടയിരിക്കുന്നതല്ല.
32. നിശ്ചിത കാലാവധിക്കുള്ളിൽ കരാറുക്കാരൻ മരണപ്പെടുകയാണെങ്കിൽ അടുത്ത അവകാശിക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കൈമാറ്റം ചെയ്യുന്നതാണ്.
33. കൂടുതൽ വിവരങ്ങൾ ആശുപത്രി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ് ( 10.00എ.എം മുതൽ 05.00പി.എം )
34. ലേലം മാറ്റി വയ്ക്കുന്നതിനും, റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

അടങ്കൽ തുക -255100/-രൂപ
ഉള്ളടക്കം - നിരക്ക് ലിസ്റ്റ്

GENERAL HOSPITAL KANJIRAPPALLY

സൂപ്രണ്ട്
Superintendent
General Hospital
Kanjirappally

പകർപ്പ് :-

1. ആരോഗ്യവകുപ്പ് ഡയറക്ടർ (ആമുഖകത്ത് സഹിതം) വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോട്ടയം
3. താലൂക്ക് ഓഫീസ് നോട്ടീസ് ബോർഡ്
4. വാഴൂർ ബ്ലോക്ക് പഞ്ചായത്ത്
5. ചിറക്കടവ് ഗ്രാമപഞ്ചായത്ത്
6. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
7. ആശുപത്രി നോട്ടീസ് ബോർഡ്
8. ഫയൽ/സ്റ്റോക്ക് ഫയൽ